പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 717

6.2.2013 ൽ
മറുപടിയ്ക്ക്

## ഗ്രാമീണ മേഖലയിലെ ഐ.ടി. വികസനം

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ ;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ ആധുനിക വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ പ്രധാന പട്ടണങ്ങളെ മാത്രം കേന്ദ്രീകരിച്ച് പരിമിതപ്പെട്ടു പോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഇത് പരിഹരിക്കുന്നതിനുവേണ്ടി ടെക്നോപാർക്കിന്റെ ഹബ്ബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് പരിശ്രമമുണ്ടാകുമോ ;

(എ) യും (ബി) യും

സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി ഐ.ടി. വ്യവസായം വിപുലീകരിക്കുന്നതിലേയ്ക്കായി ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലാണ് സംസ്ഥാനത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിച്ചുവരുന്നത്. പ്രധാന നഗരങ്ങൾ ഹബ്ബ് ആയും മറ്റ് പ്രദേശങ്ങൾ ബന്ധപ്പെടുത്തി സ്പോക്കുകളായും പ്രവർത്തിക്കുന്നു. നഗരത്തിൽ നിന്നും വിട്ടുമാറി സ്ഥിതിചെയ്യുന്ന സ്പോക്കുകളിലേക്ക് വരുവാൻ ഐ.ടി. കമ്പനികൾ പൊതുവെ തയ്യാറാകുന്നില്ല. അതിനാൽ എല്ലാ ജില്ലകളിലും ടെക്നോപാർക്കിന്റെ ഹബ്ബുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല.

സി) ഗ്രാമീണ മേഖലയിലെ ഐ.ടി. വികസനത്തിന് വേണ്ടി നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട് എന്ന് അറിയിക്കുമോ ;

ഡി) ഇല്ലെങ്കിൽ, ഗ്രാമീണ മേഖലയിലേയ്ക്ക് പ്രത്യേകമായി ഐ.ടി. വികസന പാക്കേജ് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ ?

(സി) യും (ഡി) യും

സ്പോക്കുകൾ കൂടാതെ ഗ്രാമീണ മേഖലയിൽ ഐ.ടി. വികസനത്തിന് വേണ്ടി ഏർപ്പെടുത്തിയ സംവിധാനമാണ് ടെക്നോലോഡ്ജുകൾ. കൊല്ലം ജില്ലയിൽ കടയ്ക്കൽ, പെരിനാട്, വെളിയം എന്നിവിടങ്ങളിലും, എറണാകുളം ജില്ലയിൽ പിറവത്തും, കണ്ണൂർ ജില്ലയിൽ മയ്യിലും ടെക്നോലോഡ്ജുകൾ പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇവിടങ്ങളിലേക്ക് സംരംഭകരെ ലഭിച്ചിട്ടില്ല. സംരംഭകരെ ലഭിക്കുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

Sampath

സെക്ഷൻ ഓഫീസർ